**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6086** **09-11-2021 - ൽ മറുപടിയ്ക്ക്**

**വേമ്പനാട്ടു കായലിലെ പോള പായൽ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വേമ്പനാട്ടു കായലിലെ പോള ശല്യം മത്സ്യത്തൊഴിലാളികളേയും ജലഗതാഗതത്തേയും സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | വേമ്പനാട് കായലിന്റെയും, ബന്ധപ്പെട്ട തോടുകളിലേയും എക്കൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ പദ്ധതിയാണ് " വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം". 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ,പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, ഉറവൂർ, തൈക്കാട്ടുശ്ശേരി തുടങ്ങിയ 9 പഞ്ചായത്തുകളിൽ കായലിലെ എക്കൽ, മണൽ, പ്ലാസ്റ്റിക് എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾ മുഖേന 50,71,721/- രൂപയും കായൽ പോള നീക്കം ചെയ്യുന്നതിന് 6,60,000/- രൂപയും ചെലവഴിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ,കൈനഗിരി, മണ്ണഞ്ചേരി, മുഹമ്മ, പള്ളിപ്പുറം, തണ്ണീർമുക്കം, അരൂർ എന്നിവിടങ്ങളിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘങ്ങളിലെ ഇരുപത്തിഅഞ്ച് മത്സ്യത്തൊഴിലാളികളെ വീതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ പ്രവൃത്തിയ്ക്കായി 2021-2022സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വേമ്പനാട് കായൽ ഇപ്പോൾ നേരിടുന്ന പ്രധാന |

| | | | |
|---|---|---|---|
| | | | പ്രതിസന്ധികളിലൊന്നായ പോള പായൽ, പ്ലാസ്റ്റിക് , മൺത്തിട്ടുകൾ എന്നിവ നീക്കം ചെയ്ത് കായലിനെ സംരക്ഷിച്ച് കായലിന്റെ നൈസർഗിക ഒഴുക്ക് പുന:സ്ഥാപിക്കുന്നതിനും ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും നടപടികൾ സ്വീകരിക്കുവാൻ കഴിയും. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 03.07.2021 ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വേമ്പനാട് കായൽ പ്രദേശ പരിധിയിലെ എം.പിമാർ, എംഎൽ.എ.മാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, കൃഷി, ജലസേചനം, പഞ്ചായത്ത് , ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തുകയും കോർഡിനേഷൻ കമ്മിറ്റികൾ, ജനകീയ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചതിൻ പ്രകാരം ജില്ലകളിൽ വിവിധ കമ്മിറ്റികൾ കൂടുകയും വിവിധ വകുപ്പുകൾ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിസ്ഥിതി വകുപ്പ് വേമ്പനാട് കായൽ സംരക്ഷണത്തിനായി തയ്യാറാക്കുന്ന സമഗ്രമായ പദ്ധതിയ്ക്ക് അനുസൃതമായി ഓരോ വകുപ്പും നടപ്പാക്കുന്നതോടൊപ്പം ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളും നടപ്പാക്കാവുന്നതാണ്. |
| (സി) | പോള, പായൽ എന്നിവ ഉത്ഭവ സ്ഥാനത്തുതന്നെ നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | വേമ്പനാട് കായലിന്റെയും, ബന്ധപ്പെട്ട തോടുകളിലേയും എക്കൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ പദ്ധതിയാണ് " വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം". 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ,പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, ഉറവൂർ, തൈക്കാട്ടുശ്ശേരി തുടങ്ങിയ 9 പഞ്ചായത്തുകളിൽ കായലിലെ എക്കൽ, മണൽ, പ്ലാസ്റ്റിക് എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾ മുഖേന 50,71,721/- രൂപയും കായൽ പോള നീക്കം ചെയ്യുന്നതിന് 6,60,000/- രൂപയും ചെലവഴിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ,കൈനഗിരി, |

| | | | |
|---|---|---|---|
| | | | മണ്ണഞ്ചേരി, മുഹമ്മ, പള്ളിപ്പുറം, തണ്ണീർമുക്കം, അരൂർ എന്നിവിടങ്ങളിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘങ്ങളിലെ ഇരുപത്തിഅഞ്ച് മത്സ്യത്തൊഴിലാളികളെ വീതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ പ്രവൃത്തിയ്ക്കായി 2021-2022സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വേമ്പനാട് കായൽ ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നായ പോള പായൽ, പ്ലാസ്റ്റിക് , മൺത്തിട്ടുകൾ എന്നിവ നീക്കം ചെയ്ത് കായലിനെ സംരക്ഷിച്ച് കായലിന്റെ നൈസർഗിക ഒഴുക്ക് പുന:സ്ഥാപിക്കുന്നതിനും ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും നടപടികൾ സ്വീകരിക്കുവാൻ കഴിയും. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 03.07.2021 ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വേമ്പനാട് കായൽ പ്രദേശ പരിധിയിലെ എം.പിമാർ, എംഎൽ.എ.മാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, കൃഷി, ജലസേചനം, പഞ്ചായത്ത് , ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തുകയും കോർഡിനേഷൻ കമ്മിറ്റികൾ, ജനകീയ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചതിൻ പ്രകാരം ജില്ലകളിൽ വിവിധ കമ്മിറ്റികൾ കൂടുകയും വിവിധ വകുപ്പുകൾ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിസ്ഥിതി വകുപ്പ് വേമ്പനാട് കായൽ സംരക്ഷണത്തിനായി തയ്യാറാക്കുന്ന സമഗ്രമായ പദ്ധതിയ്ക്ക് അനുസൃതമായി ഓരോ വകുപ്പും നടപ്പാക്കുന്നതോടൊപ്പം ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളും നടപ്പാക്കാവുന്നതാണ്. |
| (ഡി) | അവ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | വേമ്പനാട് കായലിന്റെയും, ബന്ധപ്പെട്ട തോടുകളിലേയും എക്കൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ പദ്ധതിയാണ് “ വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം”. 2020-21 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ,പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ടുശ്ശേരി തുടങ്ങിയ 9 പഞ്ചായത്തുകളിൽ കായലിലെ എക്കൽ, മണൽ, പ്ലാസ്റ്റിക് എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾ മുഖേന 50,71,721/- രൂപയും കായൽ പോള നീക്കം ചെയ്യുന്നതിന് 6,60,000/- രൂപയും ചെലവഴിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ,കൈനഗിരി, മണ്ണഞ്ചേരി, മുഹമ്മ, പള്ളിപ്പുറം, തണ്ണീർമുക്കം, അരൂർ എന്നിവിടങ്ങളിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘങ്ങളിലെ ഇരുപത്തിഅഞ്ച് മത്സ്യത്തൊഴിലാളികളെ വീതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ പ്രവൃത്തിയ്ക്കായി 2021-2022സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വേമ്പനാട് കായൽ ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നായ പോള പായൽ, പ്ലാസ്റ്റിക് , മൺത്തിട്ടുകൾ എന്നിവ നീക്കം ചെയ്ത് കായലിനെ സംരക്ഷിച്ച് കായലിന്റെ നൈസർഗിക ഒഴുക്ക് പുന:സ്ഥാപിക്കുന്നതിനും ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും നടപടികൾ സ്വീകരിക്കുവാൻ കഴിയും. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 03.07.2021 ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വേമ്പനാട് കായൽ പ്രദേശ പരിധിയിലെ എം.പിമാർ, എംഎൽ.എ.മാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, കൃഷി, ജലസേചനം, പഞ്ചായത്ത് , ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തുകയും കോർഡിനേഷൻ കമ്മിറ്റികൾ, ജനകീയ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചതിൻ പ്രകാരം ജില്ലകളിൽ വിവിധ കമ്മിറ്റികൾ കൂടുകയും വിവിധ വകുപ്പുകൾ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിസ്ഥിതി വകുപ്പ് വേമ്പനാട് കായൽ സംരക്ഷണത്തിനായി തയ്യാറാക്കുന്ന സമഗ്രമായ പദ്ധതിയ്ക്ക് അനുസൃതമായി ഓരോ വകുപ്പും നടപ്പാക്കുന്നതോടൊപ്പം ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളും നടപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ